# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1281** **07.06.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റം**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പൊതുമരാമത്ത് വക റോഡും നടപ്പാതയും ഓടയും സ്വകാര്യ തടിമിൽ ഉടമകളും കടക്കാരും കൈയ്യേറുന്നത് സംബന്ധിച്ച് പരാതികൾലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പൊതുമരാമത്ത് വക റോഡും നടപ്പാതയും ഓടയും സ്വകാര്യ വ്യക്തികളും, കടക്കാരും കൈയ്യേറുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. അവ ശ്രദ്ധയിൽപെടുമ്പോൾതന്നെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇത്തരം കയ്യേറ്റക്കാരെ ഒഴിപ്പിച്ച് വാഹന ഗതാഗതവും കാൽനടയാത്രയും ഓടയിലെ ഒഴുക്കും സുഗമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽ നടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിന് വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സർക്കാർ ഉത്തരവ് (കൈ) നം.63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സംസ്ഥാനത്ത് കർശനമായി നടപ്പാക്കുകയും, കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും, അവ ഒഴിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കാനും, ടി നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പരാതികൾ ലഭിക്കുകയും ചെയ്തശേഷം, ഒഴിപ്പിക്കേണ്ട ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെടുകയും പരാതികൾ ലഭിക്കുകയും ചെയ്ത ശേഷം ഒഴിപ്പിക്കേണ്ട ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ചകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**